"ഭരണഭാഷ - മാതൃഭാഷ"

വിവരാവകാശം-മറുപടി

നമ്പർ:E8-17444/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്,
വികാസ്ഭവൻ,
തിരുവനന്തപുരം - 695 033.
തീയതി: 15.06.2017
Email: swdkerala@gmail.com
Phone: 0471- 2306040.

അപ്പലേറ്റ് അതോറിറ്റി/
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
സാമൂഹ്യനീതി ഡയറക്ടറേറ്റ്,
തിരുവനന്തപുരം.

ശ്രീ. അനീഷ്. എം.കെ
എഴേപുഞ്ചയിൽ,
വടവാതൂർ.പി.ഒ.,
കോട്ടയം - 686 010.

സർ,

വിഷയം: സാമൂഹ്യനീതി വകുപ്പ് - വിവരാവകാശ നിയമം 2005 - ഒന്നാം അപ്പീൽ അപേക്ഷ -മറുപടി സംബന്ധിച്ച്.

സൂചന:
1. ശ്രീ. അനീഷ്. എ.കെ, 28.04.2017 ൽ വിവരാവകാശ നിയമപ്രകാരം ഈ കാര്യാലയത്തിൽ സമർപ്പിച്ച അപേക്ഷ.
2. സാമൂഹ്യനീതി ഡയറക്ടറേറ്റിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ 02.05.2017 ലെ ഇതേ നമ്പർ കത്ത്.
3. 01.06.2017 ൽ ശ്രീ. അനീഷ്. എം.കെ ഈ കാര്യാലയത്തിൽ സമർപ്പിച്ച അപ്പീൽ അപേക്ഷ.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന (1) പ്രകാരം ശ്രീ. അനിഷ് വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ 3, 4, 10, 11, 12 എന്നീ ചോദ്യങ്ങൾക്ക് ഈ കാര്യാലയത്തിൽ നിന്നും സൂചന (2) പ്രകാരം നൽകിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ സൂചന (3) പ്രകാരം ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചിരിക്കുന്നു.

1. അപേക്ഷയിലെ 3, 4 ചോദ്യങ്ങളിൽ 14 ജില്ലകളിലേയും ടൈപ്പിസ്റ്റ് തസ്തികയുടെ Sanctioned post, working strength, ഹെഡ് ക്വാർട്ടേഴ്സ്, ജില്ല മൊത്തം എന്നിങ്ങനെ തരംതിരിച്ച് നൽകണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. 14 ജില്ലകളിലേയും അനുവദിച്ചിട്ടുള്ള ടൈപ്പിസ്റ്റ് തസ്തികയുടെ എണ്ണം, നിലവിൽ ജോലി നോക്കുന്ന ജീവനക്കാരുടെ എണ്ണം എന്നിവ തരംതിരിച്ചു നൽകിയിരുന്നു. ഹെഡ് ക്വാർട്ടേഴ്സ് തസ്തിക എന്നത് വ്യക്തമാകാതിരുന്നതിനാലാണ് അവയുടെ വിശദാംശം

PL.

ഉൾപ്പെടുത്താതിരുന്നത്. വകുപ്പിന്റെ ഡയറക്ടറേറ്റിലെ ഒഴിവുകൾ തിരുവനന്തപുരം ജില്ലയിലെ ഒഴിവുകളായി കണക്കാക്കിയാണ് നിയമനം നടത്തിവരുന്നത്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | | Sanctioned Post | Present Strength | Total |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | ഡയറക്ടറേറ്റ് | 11 | 11 | 21 |
| | | മറ്റ് കാര്യാലയങ്ങൾ | 10 | 10 | |
| 2. | കൊല്ലം | | 9 | 9 | 9 |
| 3. | പത്തനംതിട്ട | | 9 | 9 | 9 |
| 4. | ആലപ്പുഴ | | 8 | 8 | 8 |
| 5. | കോട്ടയം | | 11 | 9 | 11 |
| 6. | ഇടുക്കി | | 5 | 5 | 5 |
| 7. | എറണാകുളം | | 16 | 16 | 16 |
| 8. | തൃശ്ശൂർ | | 14 | 14 | 14 |
| 9. | പാലക്കാട് | | 10 | 10 | 10 |
| 10. | മലപ്പുറം | | 9 | 8 | 9 |
| 11. | കോഴിക്കോട് | | 11 | 11 | 11 |
| 12. | വയനാട് | | 2 | 2 | 2 |
| 13. | കണ്ണൂർ | | 7 | 7 | 7 |
| 14. | കാസർഗോഡ് | | 5 | 5 | 5 |
| | ആകെ | | | | 137 |

2. അപേക്ഷയിലെ 10, 11 ചോദ്യങ്ങളിൽ 30.08.2019 വരെ ഉണ്ടാകാനിടയുള്ള ടൈപ്പിസ്റ്റ് തസ്തികയുടെ പ്രതീക്ഷിത ഒഴിവുകളും വിരമിക്കൽ ഒഴിവുകളും സംബന്ധിക്കുന്ന വിവരങ്ങളാണ് ആവശ്യപ്പെട്ടിരുന്നത്. വിശദീകരണങ്ങളും, വ്യാഖ്യാനങ്ങളും അനുമാനങ്ങളും നൽകുന്നതിന് വിവരാവകാശ നിയമം വ്യവസ്ഥ ചെയ്യുന്നില്ല. 2019 വരെയുണ്ടാകാനിടയുള്ള ഒഴിവുകൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറുപടി നൽകാൻ കഴിയുകയില്ല.

3. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലെ 12-മത്തെ ചോദ്യത്തിൽ 2017 വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വകുപ്പിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകളുടെ എണ്ണം, റിപ്പോർട്ട് ചെയ്തിട്ടില്ലാത്ത ഒഴിവുകളുടെ എണ്ണം എന്നിങ്ങനെ ജില്ലതിരിച്ച് നൽകാൻ ആവശ്യപ്പെട്ടിരുന്നു. വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ ലഭ്യമായവേളയിൽ പ്രതീക്ഷിത ഒഴിവുകൾ ഒന്നും തന്നെ പി.എസ്.സി. യിൽ റിപ്പോർട്ട്

ചെയ്തിരുന്നില്ല. ആയതിനാൽ 2017 ലെ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന് മറുപടി നൽകിയിരുന്നു. എന്നാൽ സാമൂഹ്യനീതി ഡയറക്ടറുടെ 22.05.2017 ലെ ഇ8-27177/15(1) (2) എന്നീ കത്തുകൾ പ്രകാരം കോട്ടയം, മലപ്പുറം എന്നീ ജില്ലകളിലെ ഓരോ ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എറണാകുളം, കൊല്ലം, തൃശ്ശൂർ എന്നീ ജില്ലകളിലെ ഓരോ പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി. യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല എന്നും അറിയിക്കുന്നു. 2017 ൽ കോഴിക്കോട് ജില്ലയിൽ ഉണ്ടായ ഒരു ഒഴിവ് ഗതാഗതമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ജോലി നോക്കിയിരുന്ന ജീവനക്കാരൻ ഡെപ്യൂട്ടേഷൻ അവസാനിപ്പിച്ച് ജോലിയിൽ തിരികെ പ്രവേശിക്കുകയും, കോട്ടയം ജില്ലയിൽ ഉണ്ടായ മറ്റൊരു ഒഴിവിൽ ലാസ്റ്റ് ഗ്രേഡ് ജീവനക്കാരിൽ നിന്നുള്ള 10% ബൈട്രാൻസ്ഫർ നിയമനത്തിലൂടെയും നികത്തപ്പെട്ടിട്ടുള്ള വിവരവും അറിയിക്കുന്നു.

താങ്കൾ ഈ മറുപടിയിൽ തൃപ്തനല്ലെങ്കിൽ രണ്ടാം അപ്പീൽ അപേക്ഷ നൽകേണ്ടത് സംസ്ഥാന വിവരാവകാശ കമ്മീഷനിൽ ആണ് എന്ന വിവരവും അറിയിക്കുന്നു.

വിശ്വസ്തതയോടെ

**അപ്പലേറ്റ് അതോറിറ്റി/**
**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്.**

PL